

# Jagarna Prarthana – First Friday’s

## Salette Malayali Community

## ജാഗരണ പ്രാർത്ഥന (കരുണക്കൊന്ത + ജപമാല)

1. പരിശുദ്ധാത്മാവിന്റെ പാട്ട്.

2. പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

എല്ലാറ്റിനെയും നവീകരിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവേ, ഞങ്ങളിലേയ്ക്ക് എഴുന്നള്ളി വരണമേ. അവിടുന്ന് ഞങ്ങളിൽ നിറഞ്ഞ് നിൽക്കുകയും സ്നേഹത്തിന്റെ തിരികൾ ഞങ്ങളിൽ പരത്തുകയും ചെയ്യണമേ. ഞങ്ങളുടെ മദ്ധ്യസ്ഥനും മാർഗ്ഗവുമായ പരിശുദ്ധാത്മാവേ ഞങ്ങളുടെ വഴികൾ അങ്ങ് നേരെയാക്കുകയും വഴിതെറ്റിപ്പോയവരെ നേർവഴിയ്ക്ക് തിരിക്കുകയും ചെയ്യണമേ. പരിശുദ്ധാത്മാവേ, ഞങ്ങളുടെ സകല പ്രാർത്ഥന കൂട്ടായ്മയെ അങ്ങ് നയിക്കുകയും ഞങ്ങളുടെ ഉദ്യമങ്ങളെ വിജയിപ്പിക്കുകയും ചെയ്യണമേ.. നാട്ടിലായിരിക്കുന്ന ഞങ്ങളുടെ മാതാപിതാക്കളെയും സഹോദരങ്ങളെയും ഞങ്ങൾ ഓർക്കുന്നു. അങ്ങയുടെ സാന്നിദ്ധ്യം അവരുടെ കൂടെ ഉണ്ടായിരിക്കണമേ. അഗ്നിയായി, ജ്വലിക്കുന്ന നാവുമായി അങ്ങ് ഞങ്ങളിലേയ്ക്ക് എഴുന്നള്ളി വരണമേ....

ഉന്നതസ്ഥാനവർക്കും ചെറിയ ചെറിയ വാക്കുകളിൽ ഈശോയെ സ്തുതിക്കുകയും ആരാധിക്കുകയും അവിടത്തോട് നന്ദി പറയുകയും ചെയ്യാം.

---

4. 'കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ എന്ന്' ശരണം ചൊല്ലാം. (ഓരോരുത്തരായി ചൊല്ലുക).

---

(a). ഈശോയേ വിശുദ്ധ കുരിശിന്റെ ശക്തിയാൽ എല്ലാ തിൻമകളിൽ നിന്ന് ഞങ്ങളെ രക്ഷിക്കുകയും പ്രലോഭനങ്ങ ളിൽ ഉൾപ്പെടുത്താതെ കാത്തുകൊള്ളുകയും ചെയ്യണമേ എന്ന് പ്രാർത്ഥിക്കുന്നു.

(b) "ശത്രുക്കളെ സ്നേഹിക്കുവിൻ; നിങ്ങളെ ദ്വേഷിക്കു വർക്ക് നന്മ ചെയ്യുവിൻ; ശപിക്കുന്നവരെ അനുഗ്ര ഹിക്കുവിൻ; അധിക്ഷേപിക്കുന്നവർക്ക് വേണ്ടി പ്രാർ ത്ഥിക്കുവിൻ" എന്നരുളിച്ചെയ്ത ഈശോയെ പിന്തുട വിരോധവും ഉപേക്ഷിച്ച് അങ്ങയുടെ സന്നിധിയിൽ ഐക്യമായി ആയിരിക്കാൻ സാധിക്കണമേയെന്ന് പ്രാർത്ഥിക്കുന്നു.

പാട്ട്

---

പാപബോധവും പശ്ചാത്താപവും
കർത്താവേ എനിക്കേകണേ...
കണ്ണീരോടെ വിലപിക്കുന്നോടുമെൻ

ദിവ്യ ഈശോയേ, ഞങ്ങൾക്കുണ്ടായിരിക്കുന്ന മുറി
വുകളേയും, വേദനകളും, ദുഃഖങ്ങളും ഓർത്ത് ഞാന
ങ്ങളെ സ്തുതിക്കുന്നു. ഞങ്ങളുടെ തകർച്ചയുടെയും
രോഗപീഡകളുടെയും അവസരത്തിൽ അങ്ങേ
ആത്മാവിനാൽ നിറച്ച് എല്ലാം സഹിക്കുവാനും
ക്ഷമിക്കുവാനുമുള്ള കൃപ തരണമേയെന്ന് പ്രാർത്ഥിക്കുന്നു

(4). 'ഞാൻ നിന്നെ സുഖപ്പെടുത്തുന്ന കർത്താവാണ്'
എന്നരുളിച്ചെയ്ത ഈശോയെ രോഗികളായി വേദ
നയനുഭവിക്കുന്ന എല്ലാമക്കളേയും അവിടുത്തെ
തിരുസന്നിധിയിൽ അർപ്പിച്ച് വിശ്വാസത്തോടെ
പ്രാർത്ഥിക്കുന്നു. അങ്ങേ ആണിപ്പാടേറ്റ കരങ്ങൾ
നീട്ടി എല്ലാ രോഗികളേയും തൊട്ട് സൗഖ്യമാക്കണമേ
യെന്ന് പ്രാർത്ഥിക്കുന്നു...

(5). സ്നേഹപിതാവായ ഈശോയേ ഞങ്ങളുടെ തിരുസ
ഭയേയും സഭാതലവനായ ഫ്രാൻസിസ് പാപ്പായേയും
ഈ ലോകത്തെ നയിക്കുന്ന നേതാക്കന്മാരെയും
അങ്ങയുടെ തിരുമുമ്പിൽ സമർപ്പിക്കുന്നു. ലോകസമാധാ
നം നിലനിർത്താനുള്ള കൃപ എല്ലാ നേതാക്കന്മാ
ർക്കും സഭാനേതൃത്വത്തിനും കൊടുക്കണമേയെ
ന്ന് പ്രാർത്ഥിക്കുന്നു...

...ങ്ങളോടൊത്തായിരിക്കുന്നത് പ്രാർത്ഥന ഭാരമുള്ളതായി
നിന്നെ എന്നിലൊന്നിപ്പിച്ചും,
ചെയ്തു. ഭാരമുണ്ട് കഴിയുമ്പോഴും തിരുനാളേ ഞങ്ങളോട പ്രാർത്ഥന ചെയ്യണമേ എന്ന് പറഞ്ഞു ചെയ്യുന്നു.

---

-> പിതാവായ ദൈവമേ അങ്ങയെ സ്നേഹിച്ചും, അവിടുത്തെ കല്പനകൾ അനുസരിച്ചും, അങ്ങയോട പരിപൂർണ്ണതയിലേക്ക് വളരുവാൻ എന്നെ അനുഗ്രഹിക്കണമേയെന്ന് പ്രാർത്ഥിക്കുന്നു.

-> ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിയ ഈശോയെ അങ്ങയുടെ വിനയവും വിശുദ്ധിയും ഞങ്ങളിൽ നിറയ്ക്കണമേ എന്ന് പ്രാർത്ഥിക്കുന്നു.

-> "ദൈവം യോജിപ്പിച്ചത് മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ" എന്ന് തിരുവചനത്തിലൂടെ അരുളിച്ചെയ്ത ഈശോയെ ഞങ്ങളുടെ കുടുംബജീവിതം അങ്ങേയ്ക്കു സമർപ്പിക്കുന്നു. വിശ്വസ്തതയോടും, വിശുദ്ധിയോടും കൂടെ പരസ്പര സ്നേഹത്തിലും ധാരണയിലും ജീവിക്കുവാൻ ഞങ്ങളെ സഹായിക്കണമേ. വേദനയിലും ബുദ്ധിമുട്ടുകളിലും ഒരുമയോടെ പ്രാർത്ഥനയിൽ അഭയം കണ്ടെത്താനും ഞങ്ങളെ സഹായിക്കണമേ. അങ്ങുന്ന് ഞങ്ങളെയോ ഞങ്ങളെ ഏൽപ്പിച്ചിരിക്കുന്ന എല്ലാ ഉത്തരവാദിത്തങ്ങളും വിശ്വസ്തതയോടെ നിറവേറ്റി അങ്ങേയ്ക്കു ഇഷ്ടപ്പെട്ട വിധം ജീവിക്കുവാൻ സഹായിക്കണമേ എന്ന് പ്രാർത്ഥിക്കുന്നു.

→ കർത്താവേ, ഞങ്ങൾക്ക് ദാനമായി നൽകിയിരിക്കുന്ന മക്കളെ ഓർത്ത് അങ്ങേയ്ക്ക് നന്ദി പറയുന്നു. അവരെ തിന്മയുടെ എല്ലാ ശക്തികളിൽ നിന്നും പ്രലോഭനങ്ങളിൽ നിന്നും കാത്തുകൊള്ളണമേ. അങ്ങേയ്ക്കിഷ്ടമുള്ള മക്കളായി വളർന്നുവരാനുള്ള കൃപയും അനുഗ്രഹവും ഞങ്ങൾക്ക് നൽകണമേയെന്ന് പ്രാർത്ഥിക്കുന്നു.

→ സ്നേഹപിതാവായ ഈശോയെ ഞങ്ങളുടെ ജോലിസ്ഥാപനങ്ങളെയും ജോലിയെ അങ്ങയുടെ മുമ്പിൽ സമർപ്പിക്കുന്നു. നസ്രത്തിലെ തച്ചന്റെ ജോലിചെയ്ത് ജീവിച്ച ഈശോയെ അങ്ങു കാണിച്ചുതരുന്ന ഏത് ജോലിയും വിനയത്തോടുകൂടി, ആത്മാർത്ഥതയോട് കൂടി ചെയ്യുവാനുള്ള കഴിവ് ഞങ്ങൾക്ക് നൽകണമേ. 'അദ്ധ്വാനിക്കാത്തവർ ഭക്ഷിക്കാതിരിക്കട്ടെ' എന്ന തിരുവചനം ഓർത്തുകൊണ്ട് അലസതയും നിരുത്സാഹവും വെടിഞ്ഞ് ഉത്സാഹത്തോടെ ജോലിചെയ്യുവാനുള്ള കഴിവ് നൽകണമേയെന്ന് പ്രാർത്ഥിക്കുന്നു.

→ ലോകസമാധാനത്തിനും, രാജ്യങ്ങൾ തമ്മിൽ പരസ്പര ഐക്യത്തിനും വേണ്ടി ഈശോയെ പ്രാർത്ഥിക്കുന്നു. ഈ ലോകത്തിന്റെ പലഭാഗങ്ങളിൽ ക്രിസ്ത്യാനികൾ അനുഭവിക്കുന്ന എല്ലാ സഹനങ്ങളും അങ്ങയുടെ മുമ്പിൽ സമർപ്പിക്കുന്നു. "നിങ്ങൾ ലോകമെങ്ങും പോയി സുവിശേഷം അറിയിക്കുവിൻ" എന്നരുളിചെയ്ത ഈശോയെ അങ്ങേയ്ക്കു വേണ്ടി ജോലിചെയ്യാൻ കൂടുതൽ പ്രേഷിതരെ അയയ്ക്കണമേ എന്ന് പ്രാർത്ഥിക്കുന്നു.

# കരുണയുടെ ജപമാല

1. സ്വർഗ്ഗ
2. നന്മ
3. വിശ്വാസപ്രമാണം.

നിത്യപിതാവേ ഞങ്ങളുടെയും, ലോകം മുഴുവന്റെ മുഴുക മക്കളുടെയും പാപങ്ങൾക്ക് പരിഹാരമായി ഞങ്ങളുടെ നാഥനും രക്ഷകനും അങ്ങേ വത്സല പുത്രനുമായ ഈശോമിശിഹായുടെ തിരുശരീരവും തിരുരക്തവും ആത്മാവും ദൈവത്വവും അങ്ങേയ്ക്ക് ഞങ്ങൾ സമർപ്പിക്കുന്നു.

ഈശോയുടെ അതിദാരുണമായ പീഡാനുഭവത്തെ കുറിച്ച് ഞങ്ങളുടെയും ലോകം മുഴുവന്റെ മേലും കരുണയായിരിക്കണമേ.
(10 പ്രാവശ്യം).

---

സന്ധ്യാപ്രാർത്ഥന

ജപമാല.

ബൈബിൾ വായന.

കുടുംബ പ്രതിഷ്ഠാജപം.

The end

# സമാപന പ്രാർത്ഥന

ഞങ്ങളുടെ രക്ഷകനും നാഥനുമായ ഈശോയേ, അങ്ങയുടെ പ്രത്യേക സംരക്ഷണങ്ങളും പരിപാലനങ്ങളുമായി ഞങ്ങളെ ഓരോരുത്തരെയും അങ്ങേയ്ക്കു സമർപ്പിക്കുന്നു. ഞങ്ങളുടെ ബലഹീനതകളോടും കുറവുകളോടും കൂടെ ഞങ്ങളെ അങ്ങു സ്വീകരിക്കുകയും അങ്ങേയ്ക്കു പ്രീതികരമായ വിധം ജീവിക്കുവാൻ ഞങ്ങളെ സഹായിക്കുകയും ചെയ്യണമേ. ആപത്തുകളിൽ അഭയവും അപകടങ്ങളിൽ സംരക്ഷണവും സങ്കടങ്ങളിൽ ആശ്വാസവും നൽകി ഞങ്ങളെ അങ്ങ് കാത്തുരക്ഷിക്കണമേ. ഞങ്ങളിൽ ആരെങ്കിലും അങ്ങയെ വേദനിപ്പിക്കാനിടയായാൽ ഞങ്ങളോട് ക്ഷമിക്കണമേ. അങ്ങയുടെ നാമത്തിൽ ആരംഭിക്കുന്ന എല്ലാ ഉദ്യമങ്ങളെയും അങ്ങുന്ന് വിജയിപ്പിക്കണമേ. ജീവിതത്തിന്റെ എല്ലാ നിമിഷങ്ങളിലും അങ്ങേക്കു പ്രീതികരമായ വിധം ജീവിക്കുവാനും എല്ലാ കാര്യങ്ങളിലും അങ്ങയുടെ തിരുമനസ്സ് നിറവേറ്റിക്കൊണ്ട് അങ്ങയെ മഹത്വപ്പെടുത്തുവാനും ഞങ്ങളെ അങ്ങ് ശക്തരാക്കണമേ. അങ്ങയെ കണ്ടാനന്ദിക്കുവാൻ സ്വർഗത്തിലെത്തുന്നത് വരെ ഞങ്ങളെ അങ്ങ് കാത്തുരക്ഷിക്കുകയും ചെയ്യണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ

ആമേൻ.